# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3489 — 15.07.2015-ൽ മറുപടിക്ക്

## ഭ്രൂണഹത്യ തടയാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. എൻ. എ. ഖാദർ : | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സ്വകാര്യ സ്കാനിംഗ് സെന്ററുകളും ക്ലിനിക്കുകളും കേന്ദ്രീകരിച്ച് നടക്കുന്ന ഭ്രൂണഹത്യ തടയാൻ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്; | (എ) നമ്മുടെ രാജ്യത്തിന്റെ പല ഭാഗങ്ങളിലും റിപ്പോർട്ട് ചെയ്യപ്പെടുന്ന പെൺ ഭ്രൂണഹത്യ തടയുന്നതിന്റെ ഭാഗമായി സുപ്രീം കോടതിയുടെ നിരീക്ഷണത്തിൽ ഭാരത സർക്കാർ നടപ്പിലാക്കിയ പി.സി & പി.എൻ.ഡി.റ്റി ആക്ട്(ഗർഭപൂർവ്വ ഗർഭസ്ഥ ഭ്രൂണ പരിശോധനാ നിയമം) കേരളത്തിലും ബാധകമാക്കിയിട്ടുണ്ട്. ഈ ആക്ടിൽ നിഷ്കർഷിച്ചിരിക്കുന്ന എല്ലാ നിബന്ധനകളും എല്ലാ സ്കാനിംഗ് സെന്ററുകൾക്കും ബാധകമാണ്. സംസ്ഥാനത്ത് പെൺ ഭ്രൂണഹത്യ നടക്കുന്നതായ റിപ്പോർട്ടുകൾ ഒന്നും ലഭ്യമല്ലെങ്കിലും ഈ നിയമത്തിന്റെ നിബന്ധനകൾ എല്ലാ സ്കാനിംഗ് സെന്ററുകളും പാലിക്കുന്നുണ്ടോ എന്ന് ആരോഗ്യ വകുപ്പ് നിരീക്ഷിച്ചുവരികയും നിയമ ലംഘകർക്കെതിരെ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. |
| (ബി) ദേശീയ ഇൻസ്പെക്ഷൻ ആന്റ് മോണിറ്ററിംഗ് സമിതി സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിൽ പരിശോധന നടത്തിയിട്ടുണ്ട് ; റിപ്പോർട്ട് നൽകിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; | (ബി) തൃശ്ശൂർ, തിരുവനന്തപുരം ജില്ലകളിലാണ് പരിശോധന നടത്തിയിട്ടുള്ളത്. ഈ ജില്ലകളിലെ വിവിധ സ്ഥാപനങ്ങളിലും പി.എൻ.ഡി.റ്റി. ജില്ലാ അപ്രോപ്രിയേറ്റ് അതോറിറ്റിയായ ജില്ലാ മെഡിക്കൽ ആഫീസറുടെ ഓഫീസിലും പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ടിൽ പരാമർശിച്ചിരുന്ന വസ്തുതകളുടെ അടിസ്ഥാനത്തിൽ സംസ്ഥാന തലത്തിൽ വിവിധ നടപടികൾ ആരോഗ്യ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്തു. പരിശോധനാ വേളയിൽ നിയമ ലംഘനം കാണിച്ച 2 സ്വകാര്യ ആശുപത്രി |

(.....2)

കളുടെ ലാബുകൾ സീൽ ചെയ്യുകയും 4 സെന്ററുകൾക്ക് നോട്ടീസ് നൽകുകയും ചെയ്തു. 2015 മെയ് 26 -ാം തീയതി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സേഫ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി സ്കാനിംഗ് സെന്ററുകൾ കേന്ദ്രീകരിച്ച് മിന്നൽ പരിശോധന നടത്തുകയുണ്ടായി. ഏകദേശം 523 സെന്ററുകൾ പരിശോധിക്കുകയും 15 സ്കാനിംഗ് സെന്ററുകൾക്കെതിരെയും, ഒരു ജനിറ്റിക്സ് കൗൺസിലിംഗ് സെന്ററിനെതിരെയും നടപടി സ്വീകരിക്കുകയും, 19-ഓളം സെന്ററുകൾക്ക് നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. കൂടുതൽ പരിശീലന പരിപാടികളും മിന്നൽ പരിശോധനകളും നടത്തുന്നതിനും പി.സി. & പി.എൻ.ഡി.റ്റി. നിയമം ശക്തിപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സമിതിയുടെ പരിശോധനയ്ക്ക് മുമ്പ് ഈ വിഷയത്തിൽ സർക്കാർ മതിയായ ജാഗ്രത പുലർത്തിയിരുന്നോ ; എങ്കിൽ സമിതി പരിശോധനാ റിപ്പോർട്ട് സമർപ്പിക്കുന്നതിന് മുമ്പ് ഈ സർക്കാർ എത്ര സ്വകാര്യ ലാബുകൾക്കും ക്ലിനിക്കുകൾക്കുമെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട് ;

(സി) ദേശീയ ഇൻസ്പെക്ഷൻ ആന്റ് മോണിറ്ററിംഗ് സമിതി സമർപ്പിച്ച റിപ്പോർട്ട് ലഭ്യമാകുന്നതിനു മുമ്പും ആരോഗ്യ വകുപ്പ് പി.സി. & പി.എൻ. ഡി.റ്റി. നിയമം നടപ്പിലാക്കുന്നതിൽ ജാഗ്രത പാലിച്ചിട്ടുണ്ട്. എല്ലാ മാസവും സ്കാനിംഗ് സെന്ററുകളിൽ പരിശോധന നടത്തുകയും നിയമ ലംഘകർക്കെതിരെ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. 2013-2014 വർഷത്തിൽ 592 സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും കുറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. എറണാകുളം ജില്ലയിൽ 2 കേസുകളും ഇത് സംബന്ധിച്ച് നിലവിലുണ്ട്. പ്രധാന നിബന്ധനകൾ പാലിക്കപ്പെടുന്നുണ്ടെങ്കിലും രേഖകൾ സൂക്ഷിക്കുന്നതിലും, റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിലും അത് നിരീക്ഷിക്കുന്നതിൽ വകുപ്പിനും വീഴ്ച പറ്റിയിട്ടുണ്ടെന്നുള്ള കമ്മിറ്റി ശുപാർശയെത്തുടർന്നും ഇക്കാര്യങ്ങൾ പിഴവുകളില്ലാതെ നടപ്പിലാക്കുന്നതിന് ആരോഗ്യ വകുപ്പ് വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു. എല്ലാ മാസവും ആരോഗ്യ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേരുന്ന സീനിയർ മെഡിക്കൽ ഓഫീസേഴ്സ് കോൺഫറൻസിൽ ഓരോ ജില്ലയിലേയും പി.എൻ.ഡി.റ്റി. പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് വരുന്നു.

(.....3)

| | |
|---|---|
| (ഡി) സംസ്ഥാനത്ത് നിന്നും പ്രത്യേകിച്ച് അതിർത്തി ജില്ലകളിൽ നിന്നും അന്യ സംസ്ഥാനത്ത് പോയി ലിംഗ നിർണ്ണയവും ഭ്രൂണ ഹത്യയും നടത്തുന്നത് തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | (ഡി) പി.സി. & പി.എൻ.ഡി.റ്റി, നിയമ പ്രകാരം സംസ്ഥാന അപ്രോപ്രിയേറ്റ് അതോറിറ്റിക്കും ജില്ലാ അപ്രോപ്രിയേറ്റ് അതോറിറ്റിക്കും അവരവരുടെ അധികാര പരിധിയിൽ വരുന്ന സ്ഥാപനങ്ങൾ മാത്രമേ നിരീക്ഷിക്കുവാൻ സാധിക്കുകയുള്ളൂ. ഇതര സംസ്ഥാനങ്ങളിൽ ഭ്രൂണഹത്യ നടക്കുന്നതായി ബോധ്യപ്പെടുകയാണെങ്കിൽ അത് ദേശീയ മോണിറ്ററിംഗ് കമ്മിറ്റിയേയോ അതാത് അപ്രോപ്രിയേറ്റ് അതോറിറ്റിമാരെ അറിയിക്കുവാനും മാത്രമേ സാധിക്കുകയുള്ളൂ. അതിർത്തി ജില്ലകളിൽ ഇത്തരം പ്രവണതകൾ ഉള്ളതായി അറിയുന്നുണ്ടെങ്കിലും വ്യക്തമായ തെളിവുകൾ ഒന്നും ഇതുവരെ ലഭിക്കാത്തതിനാൽ ബോധവൽക്കരണം ഒഴികെ ഇത് സംബന്ധിച്ച നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. |

P. Ampy

സെക്ഷൻ ഓഫീസർ